"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചിറ്റൂർ-തത്തമംഗലം നഗരസഭയിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് പ്ലാൻ ഫണ്ടിൽ നിന്നും ഹോണറേറിയം അനുവദിച്ച നടപടിയ്ക്ക് സാധൂകരണം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2017/2023/LSGD തീയതി,തിരുവനന്തപുരം, 12-10-2023

---

പരാമർശം:-

1. ചിറ്റൂർ - തത്തമംഗലം നഗരസഭാ സെക്രട്ടറി സമർപ്പിച്ചിരുന്ന 28.01.2023 - തീയതിയിലെ അപേക്ഷ.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച 16.03.2023- തീയതിയിലെ No-LSGD/PD/15565/2023-DPLC4 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

ചിറ്റൂർ-തത്തമംഗലം നഗരസഭ 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ 377 പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ എൻട്രി വരുത്തി District Planning Committee ( DPC) ലേക്ക് സമർപ്പിക്കുന്നതിന് ഒരു Data Entry Operator-ടെ സേവനം ലഭ്യമാക്കിയിരുന്നതായും, പ്രസ്തുത ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് 10000/- രൂപ നിരക്കിൽ 6 മാസത്തേക്ക് ആകെ 60,000/- രൂപ പദ്ധതി നിർവ്വഹണ ചെലവിനായുള്ള പ്രോജക്ടിൽ നിന്നും ഹോണറേറിയം അനുവദിച്ചിരുന്നതായും, നഗരസഭയുടെ തനത് ഫണ്ട് ലഭ്യതക്കുറവ് മൂലം പ്ലാൻ ഫണ്ടിൽ നിന്നും ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് ഹോണറേറിയം ഇനത്തിൽ 60,000/- രൂപ നൽകിയ നഗരസഭാസെക്രട്ടറിയുടെ നടപടി, അടിയന്തിര സാഹചര്യത്തിൽ സ്വീകരിച്ച ഒന്നായി കണക്കാക്കി ,സാധൂകരിച്ച നൽകണമെന്നും സൂചന ( 2 ) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ കണക്കിലെടുത്തു കൊണ്ട്, ചിറ്റൂർ-തത്തമംഗലം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ 377 പ്രൊജെക്ടുകൾ സുലേഖ സോഫ്റ്റ്‌വെയറിൽ എൻട്രി വരുത്തി DPC യിലേക്ക് സമർപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ട ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് വേതനം നൽകുന്നതിന് വേണ്ടിവന്ന തുക തനത് ഫണ്ട് ലഭ്യതക്കുറവ് മൂലം, നഗരസഭയുടെ പ്ലാൻ ഫണ്ടിൽ നിന്നും ഹോണറേറിയം ഇനത്തിൽ പ്രതിമാസം 10000/- രൂപ വീതം ആറുമാസത്തേക്ക് 60000/- രൂപ അനുവദിച്ച നൽകിയത്, അടിയന്തിര സാഹചര്യത്തിൽ സ്വീകരിച്ച നടപടിയായി കണക്കാക്കി, പ്രൊജക്റ്റ് തുക വകമാറ്റിയ നഗര സഭ സെക്രട്ടറിയുടെ നടപടി ഒരു തവണത്തേക്കു മാത്രം സാധൂകരിച്ച നൽകിക്കൊണ്ട് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
പ്രസിഡന്റ്/ സെക്രട്ടറി, ചിറ്റൂർ-തത്തമംഗലം നഗരസഭ.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ്(Vide UO.No.2414617 Dev2/110/2023/Fin dated16.06.2023)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ